(സി) കാർഷിക സർവ്വകലാശാലയിൽ നിർത്തലാക്കിയ അഗ്രി കൾച്ചർ ഡിപ്ലോമാ കോഴ്സ് തൊഴിൽസാദ്ധ്യത കണക്കിലെടുത്ത് പുനരാരംഭി ക്കുമോ;

(ഡി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ധാരാളം ഒഴിവുകൾ സംസ്ഥാനത്ത് നിലവിലുള്ളത് കണക്കിലെടുത്ത് അതിനാവശ്യമായ കോഴ്സ് വെറ്ററിനറി കോളേജിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ പൂക്കോട് ഒരു വെറ്ററി നറി കോളേജും ഇടുക്കി ജില്ലയിൽ ഒരു ഡയറി സയൻസ് ആന്റ് ടെക്നോളജി കോളേജുമാണ് ആരംഭിക്കുന്നത്.

(ബി) വയനാട് ജില്ലയിലെ വെറ്ററിനറി കോളേജ് 1999-2000 അദ്ധ്യയന വർഷത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവ രുന്നു. ഈ കോളേജിനുവേണ്ട സ്ഥലം ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. ഇടുക്കി യിൽ ഡയറി സയൻസ് കോളേജിനുവേണ്ടി കോലാഹലമേട്ടിൽ ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് വക സ്ഥലം ലഭ്യമാക്കുവാൻ വേണ്ടി നടപടി കൾ തുടരുന്നു.

(സി) ഇക്കാര്യം സർവ്വകലാശാലയുടെ പരിശോധനയിലാണ്.

(ഡി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ട്രെയിനിംഗ് പ്രോഗ്രാം മൃഗസംരക്ഷണ വകുപ്പ് അതിന്റെ വിവിധ കേന്ദ്രങ്ങളിൽ നടപ്പിലാക്കിക്കൊണ്ടി രിക്കുന്നതിനാൽ വെറ്ററിനറി കോളേജിൽ ഈ കോഴ്സ് ആരംഭിക്കേണ്ട ആവ ശ്യമുണ്ടെന്ന് തോന്നുന്നില്ല.

115 (3440) കാർഷിക സർവ്വകലാശാലയിലെ നിയമനങ്ങളിൽ സംവരണ തത്വം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ സ്ഥാപനങ്ങ ളിലെ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത സ്ഥാപനങ്ങളിലൊക്കെ മതിയായ യോഗ്യതയുണ്ടാ യിട്ടും പട്ടികജാതി/പട്ടിക വർഗ്ഗക്കാരെ നിയമിക്കുവാൻ താൽപ്പര്യം കാണിക്കാ ത്തത് സംവരണതത്വലംഘനമാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ?

ഉത്തരം

(എ) 740 അദ്ധ്യാപക വിഭാഗം ജീവനക്കാരും 1800 അനദ്ധ്യാപക വിഭാഗം ജീവനക്കാരും ഉണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാലയിൽ നടത്തുന്ന നിയമനങ്ങ ളിലെല്ലാം കെ.എസ്.എസ്.ആറിൽ 14 മുതൽ 17 വരെ പ്രതിപാദിപ്പിച്ചിട്ടുള്ള സംവരണതത്വങ്ങൾ പാലിക്കുന്നുണ്ട്. സംവരണം അനുവദിച്ചിട്ടുള്ള സമുദായ ങ്ങളിൽ നിർദ്ദിഷ്ട യോഗ്യതയുള്ള അപേക്ഷകർ ഇല്ലാതിരിക്കുന്ന സന്ദർഭങ്ങ ളിൽ മാത്രമേ ആ സ്ഥാനങ്ങളിൽ മുന്നോക്ക സമുദായക്കാരെ നിയമിക്കാ

LIBRARY ARCHIVES Kerala Legislative Assembly

റുള്ളൂ. പല തസ്തികകളിലും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം കുറവായി കാണുന്നതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

116 (3441) തരിശുഭൂമിയിലെ കൃഷി

പ്രൊഫ. എ.വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലുള്ള തരിശുഭൂമിയുടെ ഉടമസ്ഥർക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തി, സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഫലപ്രദമാകത്തക്ക രീതിയിലും കാർഷിക തൊഴിലാളികളുടെ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുംവേണ്ടി കൃഷി കാര്യക്ഷമമാക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ട്. ഇതനുസരിച്ച് സംസ്ഥാന പദ്ധതി പ്രകാരം 1600 ഹെക്ടർ പ്രദേശത്തും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 270 ഹെക്ടർ പ്രദേശത്തും പുതുതായി കശുമാവ് കൃഷി വ്യാപനം നടത്തുന്നതാണ്. കൂടാതെ മുന്നാംവിളക്കാലത്ത് തരിശിടുന്ന നെൽകൃഷി പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന പരിപാടിയും 'ഊർജ്ജിത പച്ചക്കറി വികസന പദ്ധതി'യുടെ ഭാഗമായി നടത്തുന്നു. കൃഷി ചെയ്യാതെ കിടക്കുന്ന പ്രദേശം ഉൾപ്പെടെ മുഴുവൻ സ്ഥലവും കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന് ഒരു കൃഷിനയം രൂപവത്ക്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട ഡോ. എം.എസ്. സ്വാമിനാഥൻ കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

117 (3442) കാലവർഷക്കെടുതി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മടിക്കൈ പഞ്ചായത്തിൽ കാലവർഷക്കെടുതിയിൽ നേന്ത്രവാഴക്കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly